"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട മുട്ടത്തുകോണം എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി ആശ സദാശിവൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4739/2025/GEDN തീയതി,തിരുവനന്തപുരം, 18-07-2025

പരാമർശം:-

1. ശ്രീമതി ആശാ സദാശിവൻ സമർപ്പിച്ച 06/01/2025-ലെ റിവിഷൻ ഹർജി.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/02/2025-ലെ DEOPTA/1225/2024-B4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/03/2025-ലെ ആർഎ4/19150/2024/ഡിജിഇ നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05/03/2025-ലെ DDEPTA/3635/2024-B4 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട മുട്ടത്തുകോണം എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ശ്രീമതി ആശ സദാശിവൻ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജിയിന്മേൽ 14/03/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന വാദം കേൾക്കുകയുണ്ടായി. കാൻസർ രോഗിയായ ഹർജിക്കാരിയെ തൃശ്ശൂർ കഴിമ്പ്രം എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്.ലേയ്ക്ക് സ്ഥലം മാറ്റിയ നടപടി റദ്ദ് ചെയ്ത് ജൂനിയർമോസ്റ്റിനെ ടി തസ്തികയിൽ സ്ഥലംമാറ്റി നിയമിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

2.. ഹർജിക്കാരി 1997-ൽ ടി മാനേജ്മെന്റിനു കീഴിൽ യു.പി.എസ്.റ്റി. ആയി ജോലിയിൽ പ്രവേശിക്കുകയും 01/06/2005-ൽ സ്ഥാനക്കയറ്റം നൽകി വെൺകുറിഞ്ഞി എസ്.എൻ.ഡി.പി. എച്ച്.എസ്.ലും തുടർന്ന്, 02/06/2008 മുതൽക്ക് മുട്ടത്തുകോണം എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്.ലും എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി നിയമിച്ചു. മുട്ടത്തുകോണം സ്കൂളിൽ 2017-18 വർഷത്തെ തസ്തിക നിർണയത്തിൽ എച്ച്.എസ്.റ്റി. (പി.എസ്.) തസ്തിക നഷ്ടപ്പെടുകയും ടിയാളെ 14/07/2017-ൽ ആലുവ എസ്.എൻ.ഡി.പി. എച്ച്.എസ്.ലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തു.

3.ടിയാൾ 02/07/2018 മുതൽ 30/09/2020 വരെ ശമ്പളരഹിത അവധിയിൽ പ്രവേശിച്ചു. ടി കാലയളവിൽ ടിയാളുടെ ലീൻ ചിതറ എസ്.എൻ.എച്ച്.എസ്.എസ്.ൽ ക്രമീകരിച്ചു. 01/06/2020 മുതൽ 31/05/2022 വരെ ചിതറ സ്കൂളിൽ ജോലി ചെയ്യുകയും 01/06/2022 മുതൽ മുട്ടത്തുകോണം

സ്കൂളിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തു. മുട്ടത്തുകോണം സ്കൂളിൽ 2024-25 വർഷത്തെ തസ്തിക നിർണയത്തിൽ എച്ച്.എസ്.റ്റി. (പി.എസ്) തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് മാനേജർ ടിയാളെ കഴിമ്പ്രം സ്കൂളിലേക്ക് സ്ഥലംമാറ്റി നിയമിച്ചു.

4.ഇതിനെതിരെ ടിയാൾ ഡബ്ല്യൂപി(സി)25570/2024 ഫയൽ ചെയ്യുകയും മാനേജരുടെ സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹു:ഹൈക്കോടതി 14/08/2024-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി കക്ഷികളുമായി കൂടിക്കാഴ്ച നടത്തുകയും, മുട്ടത്തുകോണം എസ്.എൻ.ഡി.പി.എച്ച്.എസ്.ൽ തസ്തിക ലഭ്യമല്ലാത്തതിനാൽ കഴിമ്പ്രം വി.പി.എം.എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്.ൽ ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശിക്കുകയും, ടിയാളുടെ അപേക്ഷ പരിഗണിച്ച് തസ്തിക ലഭ്യമെങ്കിൽ അനുയോജ്യമായ സ്ഥലംമാറ്റം ടിയാൾക്ക് നൽകുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെയാണ് ടിയാൾ സർക്കാരിൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

5.ശ്രീമതി ആശാ സദാശിവന്റെ ഹർജിയിൽ പരാമർശിച്ചിട്ടുള്ള വെൺകുറിഞ്ഞി എസ്.എൻ.ഡി.പി.എച്ച്.എസ്.ലെ ശ്രീമതി മിനു ജി.അശോക് 01/08/2018-ൽ യു.പി.എസ്.റ്റി. നിയമനം നേടുകയും ടി സ്കൂളിൽ തന്നെ 01/07/2024-ൽ എച്ച്.എസ്.റ്റി.(പി.എസ്) സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ്.ൽ 01/07/2009 മുതൽ എച്ച്.എസ്.റ്റി. (പി.എസ്) ആയി ശ്രീമതി ധന്യ വി.എൻ. സേവനമനുഷ്ഠിക്കുന്നു.

6.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ടി മാനേജ്മെന്റിനു കീഴിലുള്ള മറ്റു സ്കൂളുകളിൽ ഒന്നുംതന്നെ എച്ച്.എസ്.റ്റി. (പി.എസ്) തസ്തികയിൽ ഒഴിവുള്ളതായി കാണുന്നില്ല. എന്നാൽ ഹർജിക്കാരി 2024 ജനുവരി മുതൽ കോട്ടയം കാരിത്താസിൽ ഗർഭാശയമുഖ കാൻസറിന് ചികിത്സയിലാണെന്നും, നിശ്ചിത ഇടവേളകളിൽ സർജറിയും കീമോതെറാപ്പിയും റേഡിയേഷനും ആവശ്യമായി വരുന്നുണ്ടെന്നും, തസ്തികനഷ്ടം വരുമ്പോൾ ഒരേ സ്റ്റേഷനിലുള്ളവരിൽ ജൂനിയർമോസ്റ്റിനെയാണ് സ്ഥലംമാറ്റി നിയമിക്കേണ്ടതെന്നും, ടിയാളുടെ ചികിത്സാ സൗകര്യാർത്ഥം ടിയാൾക്ക് കാരംവേലിയിലോ വെൺകുറിഞ്ഞിയിലോ സ്ഥലംമാറ്റം നൽകണമെന്നും കൂടാതെ, പാർക്കിൻസൻസ് രോഗിയായ 80 വയസ്സ് പ്രായമുള്ള മാതാവിനെ നോക്കാൻ മറ്റാരുംതന്നെ ഇല്ലാത്ത അവസ്ഥയിലാണെന്നും, ടിയാളുടെ അവസ്ഥ പരിഗണിച്ച് ടിയാളെ പത്തനംതിട്ട ജില്ലയിലോ മുട്ടത്തുകോണം സ്കൂളിൽ തന്നെയോ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിക്കാരി ആവശ്യപ്പെടുന്നത്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എആർ-14) വകുപ്പിന്റെ 25/02/2017-ലെ G.O.(P)No.3/2017/PARD പ്രകാരം കാൻസർ രോഗികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

7.മേൽ സാഹചര്യത്തിൽ ശ്രീമതി ആശാ സദാശിവന്റെ കാൻസർ ചികിത്സയും പാർക്കിൻസൻസ് രോഗിയായ 80 വയസ്സ് പ്രായമുള്ള മാതാവിന്റെ അവസ്ഥയും പരിഗണിച്ച് ടിയാൾക്ക് KER അധ്യായം XIV A റൂൾ 10-ലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് അനുതാപാർഹമായ കാരണങ്ങളാൽ ട ഉചിതമായ സ്ഥലത്തേക്ക് സ്ഥലമാറ്റം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ആശാ സദാശിവൻ, എച്ച്.എസ്.റ്റി. (പി.എസ്.), എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്., മുട്ടത്തുകോണം, ഇലവുംതിട്ട, പത്തനംതിട്ട-689 645.
കോർപ്പറേറ്റ് മാനേജർ, എസ്.എൻ.ഡി.പി. യോഗം സ്കൂൾസ്, കൊല്ലം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട-689 645.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/16/2025/പൊവിവ)

ഉത്തരവിൻ പ്രകാരം
Signed by
Asha Rani M
Date: 21-07-2025 15:15:20

സെക്ഷൻ ഓഫീസർ